"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തിരുവനന്തപുരം വികസന അതോറിറ്റി- ചാല വാണിജ്യ സമുച്ചയത്തിന്റെ ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ ചെയ്തയിനത്തിൽ കരാറുകാരായ HLL Life Care Ltd-ന് 2,81,696/- രൂപ (രണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ) "2217-05-191-36-00-35-PV" എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

G.O.(Rt)No.1349/2022/LSGD തീയതി,തിരുവനന്തപുരം, 31-05-2022

---

പരാമർശം:-

1. സ.ഉ.(സാധാ) നം.34/2020/ധന തീയതി 27/03/2020
2. സ.ഉ.(സാധാ) നം.1609/2020/തസ്വഭവ തീയതി 07/09/2020
3. സ.ഉ.(സാധാ) നം.2023/2020/തസ്വഭവ തീയതി 28/10/2020
4. സ.ഉ.(സാധാ) നം.359/2021/തസ്വഭവ തീയതി 10/02/2021
5. സ.ഉ.(സാധാ) നം.3842/2021/ധന തീയതി 30/04/2021
6. സ.ഉ.(സാധാ) നം.1244/2021/തസ്വഭവ തീയതി 02/07/2021
7. സ.ഉ.(സാധാ) നം.2389/2021/തസ്വഭവ തീയതി 26/11/2021
8. സ.ഉ(സാധാ)നം.659/2022/തസ്വഭവ തീയതി 07/03/2022
9. ട്രിഡ സെക്രട്ടറിയുടെ 25/03/2022 തീയതിയിലെ എഫ്3-888/2020/ട്രിഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചാല വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ തുകയിൽ, ട്രിഡയുടെ PSTSB അക്കൗണ്ട് നമ്പർ 799012700001484-ൽ അവശേഷിച്ച 5,85,44,663/- രൂപ പരാമർശം(1) പ്രകാരം സർക്കാർ തിരികെയെടുക്കുകയുണ്ടായി. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെലവായ തുകയിൽ 1,39,51,000/- രൂപയും 79,03,000/-രൂപയും 81,05,000/- രൂപയും 40,69,000/- രൂപയും 79,99,629/- രൂപയും കരാറുകാരുടെ ബില്ലുകൾ നൽകുന്നതിനായി യഥാക്രമം പരാമർശം (2), പരാമർശം (3), പരാമർശം (4), പരാമർശം (6), പരാമർശം (7) എന്നിവ പ്രകാരം അനുവദിച്ചു.

2) കരാറുകാരായ HLL Life Care Ltd എന്ന സ്ഥാപനം ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ ചെയ്തയിനത്തിൽ സമർപ്പിച്ച ബിൽ തുകയായ 3,38,603/- രൂപ ട്രിഡ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് നമ്പർ 799012700001484-ൽ അനുവദിച്ചുനല്കുന്നതിനായി ട്രിഡ സെക്രട്ടറി അഭ്യർത്ഥിച്ചതിൽ പരാമർശം (8) പ്രകാരം ടി തുക ട്രിഡാസെക്രട്ടറിയുടെ പേരിലുള്ള PSTSB

അക്കൗണ്ട് നമ്പർ 799012700001484-ൽ നിന്നും അനുവദിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. എന്നാൽ ടി PSTSB അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്ന 2,12,612/-രൂപയിൽ 1,55,705/- രൂപ മറ്റൊരു വികസനപ്രവൃത്തിയുമായി ബന്ധപ്പെട്ട് നല്കേണ്ടതിനാൽ HLL Life Care Ltd-ന് നല്കാനാവശ്യമായ തുക ലഭ്യമല്ലായെന്നും ആയതിനാൽ ടി കരാറുകാർക്ക് നല്കേണ്ട 3,38,603/- രൂപ ട്രിഡ സെക്രട്ടറിയുടെ പേരിലുള്ള PSTSB അക്കൗണ്ട് നമ്പർ 799012700001484-ൽ അനുവദിക്കണമെന്നും പരാമർശം (9) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാല വാണിജ്യസമുച്ചയത്തിന്റെ ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ ചെയ്തയിനത്തിൽ കരാറുകാരായ HLL Life Care Ltd-നു നൽകാനുള്ള ബിൽ തുകയായ 3,38,603/-രൂപയിൽ, PSTSB അക്കൗണ്ട് നമ്പർ 799012700001484-ൽ അവശേഷിക്കുന്ന 56,907/- രൂപ കിഴിച്ച് ബാക്കി വേണ്ട തുകയായ 2,81,696/- രൂപ (രണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ) "2217-05-191-36-00-35-PV" എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
JOINT SECRETARY

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ/ജി & എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (നം.ഡെവ.2/130/2020-ധന(1534277) തീയതി 09/05/2022)
കരുതൽ ഫയൽ/ ഓഫീസിൽ കോപ്പി (File No. IA4/173/2020-LSGD)

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 01-06-2022 11:47:54**
സെക്ഷൻ ഓഫീസർ